LIBRARY ARCHIVES Kerala Legislative Assembly

ജയിൽ നവീകരണത്തിനുള്ള ചെലവ്

92 (1847) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ജയിൽ നവീകരണത്തിനായി എന്ത് തുക ചെലവഴിച്ചു ;

(ബി) പ്രസ്തുത തുകകൊണ്ട് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) 3262.92 ലക്ഷം രൂപ.

(ബി) പ്രസ്തുത തുകകൊണ്ട് പുതിയ ജയിലുകൾ നിർമ്മാണം, നിലവിലുള്ള ജയിലുകൾക്ക് പുതിയ ബാരക്കുകളും ബ്ലോക്കുകളും നിർമ്മാണം, വീഡിയോ കോൺഫറൻസിംഗ് സംവിധാനം, ഏർപ്പെടുത്തൽ, സർവെയ്ലൻസ് സംവിധാനം, മൊബൈൽ ഫോൺ ജാമർ എന്നിവ സ്ഥാപിക്കൽ, ജയിലുകളുടെ കമ്പ്യൂട്ടർവൽക്കരണം, ജയിലുകളിലേക്ക് പുതിയ വാഹനങ്ങൾ വാങ്ങൽ, ജയിലിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, പുതിയ ജയിൽ ആസ്ഥാന കാര്യാലയ നിർമ്മാണം, മഴവെള്ള സംഭരണികൾ, ബയോഗ്യാസ് പ്ലാന്റ്, ജനറേറ്റർ മുതലായവ സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പുതിയ ജയിൽ ചട്ടങ്ങൾ

93 (1848) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ ജയിൽ നിയമത്തിനനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

ഉണ്ട്. കരട് ചട്ടം സർക്കാരിന്റെ പരിശോധനയിലാണ്.

പരോൾ വ്യവസ്ഥകൾ

94 (1849) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽശിക്ഷ അനുഭവിക്കുന്ന കുറ്റവാളികൾക്ക് പരോൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) ഏതെല്ലാം കുറ്റവാളികൾക്കാണ് പരോൾ അനുവദിക്കാത്തത് ;